"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - "NABARD- RIDF XXVII - CWSS to Kunnathoor, Poruvazhy, Sooranad North Panchayaths in Kunnathoor Taluk and Thazhava, Thodiyoor, Kulasekharapuram Panchayaths in Karunagappally Taluk" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിച്ചത്- ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.77/2025/WRD തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 19/12/2024, 18/09/2025 തീയതികളിലെ KWA-JB/620/2023-DCE1-PIU നമ്പർ കത്തുകൾ.
2. സ.ഉ (കൈ) നം. 73/2025/ജ.വി.വ തീയതി 10.10.2025.
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 10/11/2025 തീയതിയിലെ KWA-JB/620/2023-DCE1-PIU നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

"NABARD- RIDF XXVII - CWSS to Kunnathoor, Poruvazhy, Sooranad North Panchayaths in Kunnathoor Taluk and Thazhava, Thodiyoor Kulasekharapuram Panchayaths in Karunagappally Taluk" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 27.58% അധികരിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും, പ്രസ്തുത പ്രവൃത്തിയ്ക്ക് "M/s Noble Tech Engineering Pvt. Ltd, Noble House, M.K.K Nair Road, Palarivattom, Cochin -25" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 27.58% അധികരിച്ച തുകയായ 16,92,61,967/- രൂപയ്ക്ക് (പതിനാറ് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അറുപത്തി ഒന്നായിരത്തി തൊള്ളായിരത്തി അറുപത്തിയേഴ് രൂപ മാത്രം) അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവാകുകയുമുണ്ടായി.

2. കരാറുകാരന് പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുവാൻ താല്പര്യമില്ലായെന്നും, വളരെ അടിയന്തരമായി പ്രവൃത്തി നടപ്പിലാക്കേണ്ടതുള്ളതിനാൽ DSoR 2021 പ്രകാരം എസ്റ്റിമേറ്റ് പുന:നിർമ്മിച്ച് നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണെന്നും, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദർഘാസിന്റെ firm period ദീർഘിപ്പിക്കുന്നതിന് പ്രസ്തുത കരാറുകാരനോട് വീണ്ടും അഭ്യർത്ഥിച്ചിട്ടും ആയതിന് കരാറുകാരൻ തയ്യാറല്ലെന്ന് അറിയിക്കുകയും പ്രസ്തുത

സാഹചര്യത്തിൽ ആയതു സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെടുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "NABARD- RIDF XXVII - CWSS to Kunnathoor, Poruvazhy, Sooranad North Panchayaths in Kunnathoor Taluk and Thazhava, Thodiyoor Kulasekharapuram Panchayaths in Karunagappally Taluk" എന്ന പ്രവൃത്തിയ്ക്ക് “M/s Noble Tech Engineering Pvt. Ltd, Noble House, M.K.K Nair Road, Palarivattom, Cochin -25” എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 27.58% അധികരിച്ച തുകയായ 16,92,61,967/- രൂപയ്ക്ക് (പതിനാറ് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അറുപത്തി ഒന്നായിരത്തി തൊള്ളായിരത്തി അറുപത്തിയേഴ് രൂപ മാത്രം) അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകിക്കൊണ്ടുള്ള പരാമർശം (2) സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (08.10.2025 -ലെ ഇനം. 3318 പ്രകാരം)
4. ധനകാര്യ വകപ്പ് (ഫയൽ നം. 3022352/NC-A1/9/2025-Fin)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
Date: 20-12-2025 10:23:40
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്- ന്